അവലോകന യോഗത്തിൽ പ്രസ്തുത പാർക്കിനായി കണ്ടെത്തിയിട്ടുള്ള സ്ഥലത്തിന്റെ അനുയോജ്യത സംബന്ധിച്ച് ഒരു വിദഗ്ധ കമ്മിറ്റിയെ നിയോഗിച്ച് പഠനം നടത്തുവാൻ തീരുമാനിക്കുകയും കെ.എസ്.ഐ.ഡി.സി.-യെ വിദഗ്ധ കമ്മിറ്റി രൂപീകരിക്കുന്നതിനായി ചുമതലപ്പെടുത്തുകയും ചെയ്തു. പി.ഡബ്ല്യു.ഡി., എൻവയോൺമെന്റ് ആൻഡ് ക്ലൈമറ്റ് ചെയ്ഞ്ച് ഡിപ്പാർട്ട്മെന്റ്, കിറ്റ്കോ, മലിനീകരണ നിയന്ത്രണ ബോർഡ്, റവന്യൂ ഡിപ്പാർട്ട്മെന്റ്, മൈനിംഗ് & ജിയോളജി ഡിപ്പാർട്ട്മെന്റ് എന്നിവയിലെ വിദഗ്ധരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി അംഗങ്ങൾ സ്ഥല പരിശോധന നടത്തുകയും അതിന്മേൽ ഇപ്പോൾ പഠനം നടത്തിവരികയുമാണ്.

ചീമേനിയിലെ വ്യവസായ പാർക്ക്

138(407) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചുകൊണ്ട് ബഡ്ജറ്റ് പ്രഖ്യാപനം നടത്തുകയും പ്രാരംഭമായി 20 കോടി രൂപയുടെ 20% എന്ന നിലയിൽ 4 കോടി രൂപ വകയിരുത്തുകയും ചെയ്ത ചീമേനിയിലെ വ്യവസായ പാർക്ക് പ്രാവർത്തികമാക്കാൻ കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ വ്യവസായ പാർക്ക് എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഐ.ടി. വകുപ്പിന്റെ കൈവശമുള്ള സ്ഥലം വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന് കൈമാറിക്കിട്ടിയിട്ടില്ല. ഭൂമി കൈമാറിക്കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതാണ്.

പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്ക്

139(408) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികൾ ആരംഭിക്കുന്ന പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്കിന് ഭൂപരിഷ്കരണ ചട്ടങ്ങളിൽ ഇളവ് വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് 20/06/17-ലെ G.O(Ms) No. 47/2017/ID ഉത്തരവിൽ അനുബന്ധമായി ചേർത്തിരിക്കുന്ന ചട്ടങ്ങടിലെ ക്രമനമ്പർ 5(2) പ്രകാരം ഭൂപരിഷ്കരണ നിയമത്തിൽ താഴെപ്പറയും പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്. 5. The Private Industrial Estate (PIE) Developer permit shall confer on the Private industrial Estate Developer (2) exemption u/s 81(3) of the Kerala Land Reforms Act-1963 from ceiling provisions for the PIE property.

LIBRARY ARCHIVES Kerala Legislative Assembly